പത്രക്കുറിപ്പ്

# കഞ്ചാവ് വിൽപ്പന 3 പേർ പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 147 പേർക്കെതിരെ നിയമനടപടി 45,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നഗരത്തിൽ വൻതോതിൽ കഞ്ചാവ് വിൽപ്പന നടത്തിവന്ന 3 പേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കരിക്കകം പുതുവൽപുത്തൻ വീട്ടിൽ ആകാശ് (20), കരിക്കകം വിനായക നഗർ ബീനാ മൻസിലിൽ റിയാസ് (24), വെമ്പായം പെരുങ്കൂർ ഉടയൻ പാറക്കോണത്ത് വീട്ടിൽ അരുൺ (23) എന്നിവരെയാണ് ഡിസ്ട്രിക്ട് ആന്റി നർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ പേട്ട പോലീസ് അറസ്റ്റ ചെയ്തത്. വേളി, ആൾ സെയിന്റ്സ്, ചാക്ക പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഈ സംഘം വ്യാപകമായി



പേട്ട പോലീസ് അറസ്റ്റ് ചെയ്ത
ആകാശ് (20), റിയാസ് (24), അരുൺ (23)

കഞ്ചാവ് വിൽപ്പന നടത്തി വരുന്നതായി നർക്കോട്ടിക് സെൽ അസി. കമ്മീഷണർ പ്രദീപ്കുമാറിന് ലഭിച്ച രഹസ്യ

വിവരത്തിന്റെ അടിസ്ഥാനത്തിൽ ഡാൻസാഫ് ടീം നിരന്തരം നടത്തിയ നിരീക്ഷണത്തിലാണ് കഞ്ചാവുമായി പ്രതികൾ വലയിലായത്. പേട്ട എസ്.എച്ച് .ഒ സുധിലാൽ, എസ്.ഐ മാരായ നിതീഷ്, നിയാസ്, സുബിൻ മാത്യു, റിനോക്സ്, ഡാൻസാഫ് എസ്.ഐ ഗോപകുമാർ എന്നിവരും ഡാൻസാഫ് ടീമംഗങ്ങളും ചേർന്നാണ് പ്രതികളെ അറസ്റ്റ ചെയ്തത്.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (16-02-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 147 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 54 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 90 പേരിൽ നിന്നും 45,000/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും കോവിഡ് സുരക്ഷാ നിർദേശങ്ങൾ പാലിക്കാത്ത 5 കടകൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി

16-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി